# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5829 — 28/03/2018-ൽ മറുപടിക്ക്

## മുരുകന്റെ മരണത്തിൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ട്

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.ടി.വി.ഇബ്രാഹിം**<br>**ശ്രീ.കെ.എൻ.എ ഖാദർ** | | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | വാഹനാപകടത്തിൽപെട്ട് ചികിത്സ കിട്ടാതെ തമിഴ് നാട് സ്വദേശി മുരുകൻ മരിച്ച സംഭവത്തിൽ ഡോക്ടർമാർക്ക് വീഴ്ച സംഭവിച്ചോ എന്ന് കണ്ടെത്താൻ രൂപീകരിച്ച മെഡിക്കൽ ബോർഡ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | എ) യും ബി) യും സി) യും | വാഹനാപകടത്തിൽ പരിക്കേറ്റ തമിഴ് നാട് സ്വദേശിയായ മുരുകൻ മരിക്കാനിടയായ സംഭവത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റലുകൾ മുരുകനെ ശരിയായ വിധത്തിൽ പരിശോധിച്ചിരുന്നോ, അപകടത്തിൽപ്പെട്ട ആളെ രക്ഷിക്കുന്നതിന് ആവുന്നതെല്ലാം ചെയ്തിരുന്നോ, രോഗിക്ക് ചികിത്സ നൽകുന്നതിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടോ എന്നീ വിവരങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 10/08/2017 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 2236/2017/H&FWD പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, ഡോ.വിപിൻ സീനിയർ കൺസൾട്ടന്റ് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് 12/10/2017-ൽ സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ടു ഡോക്ടർമാരോട് വിശദീകരണം ആരായുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.<br>തുടർന്ന് മുരുകൻ മരിച്ചതുമായി ബന്ധപ്പെട്ട ആറ് ഹോസ്പിറ്റലിലെ ഡോക്ടർമാർക്കെതിരെ അന്വേഷണം നടത്തുന്നതിന് ഡോക്ടർമാരുടെ ഒരു വിദഗ്ധ സമിതി 24/11/2017 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 3343/2017/H&FWD പ്രകാരം രൂപീകരിച്ചിരുന്നു. ഈ വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. |
| ബി) | എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ; | | |
| സി) | ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ